"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തസ്വഭവ-ലൈഫ് മിഷൻ- ശ്രീ.ഹാരീസ്.പി, പാലക്കൽ ഹൗസ്, പൈങ്കണ്ണൂർ, കുറ്റിപ്പുറം, മലപ്പുറം - പ്രത്യേക കേസായി പരിഗണിച്ച്, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഇ) വകുപ്പ്**

സ.ഉ.(സാധാ) നം.2834/2022/LSGD തീയതി,തിരുവനന്തപുരം, 17-11-2022

---

പരാമർശം:-
1. കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറുടെ 25/06/2022 ലെ OP(RPwD) No 1193/S3/2022 നമ്പർ ഉത്തരവ്
2. ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11/10/2022 ലെ എൽ.എം5/2430/2022/2232 നമ്പർ കത്ത്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വളാഞ്ചേരി നഗരസഭയിലെ പാലക്കൽ ഹൗസ്, പൈങ്കണ്ണൂർ, കുറ്റിപ്പുറത്തെ ഹാരിസ്.പി യും ടിയാന്റെ ഭാര്യയും തങ്ങൾ പൂർണ്ണമായും കാഴ്ചയില്ലാത്തവരാണ് എന്നും, തങ്ങൾക്ക് 9 വയസ്സ് പ്രായമുള്ള ഒരു മകളുണ്ട് എന്നും, വളരെയേറെ സാമ്പത്തിക ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന തങ്ങൾക്ക് സ്വന്തമായി ഒരു വീട് പോലും ഇല്ല എന്നും, സർക്കാരിന്റെ ഭവന പദ്ധതിയായ ലൈഫ് പദ്ധതിയിൽ വീട് അനുവദിച്ചു കിട്ടുന്നതിനായി അപേക്ഷ നൽകിയപ്പോൾ സ്വന്തമായി റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ തങ്ങളുടെ അപേക്ഷ പരിഗണിച്ചില്ല എന്നും, അതിനു ശേഷം റേഷൻ കാർഡ് തങ്ങൾക്കു ലഭിച്ചപ്പോൾ ടി ഭവന പദ്ധതിയിലേക്ക് അപ്പോൾ അപേക്ഷ സ്വീകരിക്കാൻ സാങ്കേതികമായി കഴിയില്ല എന്ന കാരണം പറഞ്ഞ് വളാഞ്ചേരി നഗരസഭാ സെക്രട്ടറി സ്വീകരിക്കുന്നില്ല എന്നും സംസ്ഥാന ഭിന്നശേഷി കമ്മീഷൻ മുമ്പാകെപരാതി സമർപ്പിച്ചിരുന്നു.

2. ശ്രീ ഹാരിസ്.പി യും ഭാര്യയും പൂർണ്ണമായും കാഴ്ചയില്ലാത്തവരായാതിനാൽ അപേക്ഷ സമർപ്പിക്കാൻ കഴിഞ്ഞില്ല എന്ന മാനുഷിക പരിഗണന നൽകി , 2016 ലെ ഭിന്നശേഷി അവകാശ നിയമം 81(b) വകുപ്പ പ്രകാരം, ഹർജിക്കാരന്റെ ഭാര്യ നുസൈബയുടെ പേരിൽ ടി അപേക്ഷ സമർപ്പിക്കുന്നതിന് അനുവദിച്ച് സർക്കാർ ഒരു പ്രത്യേക ഉത്തരവ് നൽകണമെന്ന്, പരാമർശം (1) പ്രകാരം കേരള സംസ്ഥാന ഭിന്നശേഷി കമ്മിഷണർ ഉത്തരവായിരുന്നു.

3. ശ്രീ ഹാരിസ് പി.ക്കും ഭാര്യ നുസൈബക്കും ലൈഫ് ഭവന പദ്ധതിയിൽ പരിഗണിക്കപ്പെടുന്നതിന് പരിപൂർണ്ണ യോഗ്യതയുള്ള സാഹചര്യത്തിൽ ലൈഫ് പദ്ധതിയിൽ

ഉൾപ്പെടുത്തുന്നതിന് പ്രത്യേക അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് നൽകുന്നത് ഉചിതമായിരിക്കും എന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമ്പത്തികവും ശാരീരികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്നവരും അന്ധരുമായ ശ്രീ ഹാരിസ് പി പാലക്കൽ ഹൗസ്, പൈങ്കണ്ണൂർ, കുറ്റിപ്പുറം, മലപ്പുറം, ടിയാന്റെ ഭാര്യ നുസൈബ എന്നിവരുടെ വിഷയം പ്രത്യേക കേസായി പരിഗണിച്ച്, ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനം നല്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീ . ഹാരീസ്.പി, പാലക്കൽ ഹൗസ്, പൈങ്കണ്ണൂർ, കുറ്റിപ്പുറം,മലപ്പുറം.
കേരള സംസ്ഥാന ഭിന്നശേഷി കമ്മിഷണർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ ,തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം ഡയറക്ടർ (അർബൻ),തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ്ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം അക്കൗണ്ടന്റ് ജനറൽ (എ&ഇ)/ഓഡിറ്റ്), തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി.ആർ.ഡി, തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sheeba S C
Date: 17-11-2022 15:54:01
സെക്ഷൻ ഓഫീസർ